Australian Government

COVID-19 VACCINATION

# നാലാമത്തെ COVID-19 വാക്സിൻ ഡോസ്

ജൂലൈ 08, 2022

ശൈത്യകാലത്ത് പലപ്പോഴും COVID-19 പോലുള്ള റെസ്പിറേറ്ററി വൈറസുകൾ കാരണം കൂടുതൽ രോഗബാധകൾ കണ്ടുവരുന്നു. COVID-19-ന് എതിരെ ഏറ്റവും കൂടുതൽ സംരക്ഷണം നൽകുന്നതിന്, COVID-19-ൽ നിന്നുള്ള ഗുരുതരമായ രോഗസാധ്യത കൂടുതലുള്ള ആളുകൾക്ക് ഒരു അധിക ബൂസ്റ്റർ അല്ലെങ്കിൽ നാലാമത്തെ COVID-19 വാക്സിൻ ഡോസ് ശുപാർശ ചെയ്യുന്നു. പ്രതിരോധശേഷി അപകടകരമായി കുറഞ്ഞ ആളുകൾക്കുള്ള അഞ്ചാമത്തെ COVID-19 വാക്സിൻ ഡോസാണിത്.

നിങ്ങൾക്ക് ഇവ ബാധകമാണെങ്കിൽ, നിങ്ങൾ ഒരു നാലാമത്തെ COVID-19 വാക്സിൻ ഡോസ് സ്വീകരിക്കേണ്ടതുണ്ട്:

- 50 വയസ്സും അതിൽ കൂടുതലും പ്രായം
- ഒരു ഏജ്ഡ് കെയർ അല്ലെങ്കിൽ ഡിസെബിലിറ്റി കെയർ ഫെസിലിറ്റിയിൽ താമസിക്കുന്ന ആളാണെങ്കിൽ

16 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള ഇനിപ്പറയുന്ന കാര്യങ്ങൾ ബാധകമായ ആളുകൾക്ക് ഒരു അധിക ബൂസ്റ്റർ ശുപാർശ ചെയ്യുന്നു:

- രോഗപ്രതിരോധ ശേഷി കുറവാണെങ്കിൽ
- ഒരു തരം കാൻസർ ഉണ്ട് അല്ലെങ്കിൽ അതിജീവിച്ചു
- ചികിത്സ ആവശ്യമായ ഒരു ഓട്ടോഇമ്മ്യൂൺ രോഗമുണ്ട്
- നിങ്ങളുടെ ശ്വാസകോശത്തെയോ കരളിനെയോ വൃക്കകളെയോ തലച്ചോറിനെയോ ഹൃദയത്തെയോ ബാധിക്കുന്ന വിട്ടുമാറാത്തതോ ഗുരുതരമായതോ ആയ ഒരു രോഗമുണ്ട്
- ചികിത്സ ആവശ്യമുള്ള പ്രമേഹമുണ്ട്
- കാര്യമായ അല്ലെങ്കിൽ സങ്കീർണ്ണമായ ആരോഗ്യ ആവശ്യങ്ങളുള്ള ഒരു വൈകല്യമുണ്ട്
- ഗുരുതരമായ അമിതഭാരമോ ഭാരക്കുറവോ ഉണ്ട്.

30 മുതൽ 49 വയസ്സ് വരെ പ്രായമുള്ള ആളുകൾക്കും, അവർ തീരുമാനിക്കുകയാണെങ്കിൽ നാലാമത്തെ ഡോസ് സ്വീകരിക്കാവുന്നതാണ്.

നിങ്ങൾ ഒരു നാലാമത്തെ ഡോസ് സ്വീകരിക്കേണ്ടതുണ്ടോ എന്ന് നിങ്ങൾക്ക് ഉറപ്പില്ലെങ്കിൽ ഡോക്ടറോട് സംസാരിക്കുക.

നിങ്ങൾക്ക് ബൂസ്റ്റർ ഡോസ് ലഭിച്ചിട്ട് കുറഞ്ഞത് **3 മാസം** കഴിഞ്ഞിട്ടുണ്ടെങ്കിൽ, {2}നിങ്ങൾക്ക് നിങ്ങളുടെ നാലാമത്തെ COVID-19 വാക്സിൻ വിന്റർ ഡോസ് കരസ്ഥമാക്കാൻ കഴിയുന്നതാണ്.

ഇൻഫ്ലുവൻസ വാക്സിൻ സ്വീകരിക്കുന്ന സമയത്ത് തന്നെ നിങ്ങൾക്ക് COVID-19 വാക്സിനേഷനും സ്വീകരിക്കാവുന്നതാണ്.

നിങ്ങൾക്ക് അടുത്ത കാലത്ത് COVID-19 പോസിറ്റീവ് ആണെന്ന് പരിശോധനയിൽ തെളിഞ്ഞിട്ടുണ്ടെങ്കിൽ, അടുത്ത COVID-19 വാക്സിൻ ഡോസ് സ്വീകരിക്കുന്നതിന് **3 മാസം** കാത്തിരിക്കാൻ ശുപാർശ ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക് www.health.gov.au സന്ദർശിക്കുകയോ അല്ലെങ്കിൽ 1800 020 080 എന്ന നമ്പറിൽ National Coronavirus Helpline-ൽ വിളിക്കുകയോ ചെയ്യുക. സൗജന്യ ദ്വിഭാഷി സേവനങ്ങൾക്ക് ഓപ്ഷൻ 8 തിരഞ്ഞെടുക്കുക.